16512
28/4/17

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്- മലയാറ്റൂർ ഡിവിഷനിലെ തടിമില്ലുകൾക്ക് എൻ.ഒ.സി. നൽകിയതിലെ ക്രമക്കേട്-അച്ചടക്ക നടപടി-ശ്രീ.എൻ.ആർ.രാംമോഹൻ, റെയിഞ്ച് ഓഫീസർ (റിട്ട) സമർപ്പിച്ച റിവ്യൂ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## വനം വന്യജീവി (എ) വകുപ്പ്

സ.ഉ(സാധാ)നം.270/2017/വനം തീയതി, തിരുവനന്തപുരം, 21.07.2017

പരാമർശം :
1) 19.09.2007 ലെ മുഖ്യവനപാലകന്റെ ബി4-5539/07 നമ്പർ ഉത്തരവ്
2) 01.11.2012 ലെ സ.ഉ.(സാധാ) നം.524/2012/വനം ഉത്തരവ്
3) 01.07.2015 ലെ സ.ഉ.(സാധാ) നം.293/2015/വനം ഉത്തരവ്
4) 03.09.2016 ൽ ശ്രീ.എൻ.ആർ.രാംമോഹൻ സമർപ്പിച്ച റിവ്യൂ ഹർജി
5) 22.04.2017 ലെ ഭരണ വിഭാഗം ഉപമുഖ്യ വനപാലകന്റെ ബി4-5539/2007 നമ്പർ കത്ത്

## ഉത്തരവ്

മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷന്റെ അധികാര പരിധിയിലുള്ള പ്രദേശങ്ങളിലെ തടിമില്ലുകൾക്ക് നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിൽ അഴിമതി നടക്കുന്നുണ്ട് എന്ന പരാതിയിന്മേൽ വനം വകുപ്പിന്റെ വിജിലൻസ് വിഭാഗത്തിന്റെ പ്രാഥമിക അന്വേഷണത്തിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കോടനാട് റെയിഞ്ചാഫീസറായിരുന്ന ശ്രീ.എൻ.ആർ രാംമോഹനെ മുഖ്യവനപാലകൻ 20.02.2007 ലെ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയും, 01.04.2008 ലെ ഉത്തരവ് പ്രകാരം അച്ചടക്ക നടപടിയ്ക്ക് വിധേയമായി സർവ്വീസിൽ പുന:പ്രവേശിപ്പിക്കുകയും ചെയ്തു. പരാമർശം (1) പ്രകാരം ടിയാന് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകിക്കൊണ്ട് അച്ചടക്ക നടപടി ആരംഭിച്ചു.

2. ടി വിഷയത്തിൽ കുറ്റാരോപിതനായ സർവ്വശ്രീ.വി.വർഗ്ഗീസ്, എൻ.ആർ.രാംമോഹൻ എന്നിവർക്കെതിരെ ഭരണ വിഭാഗം മുഖ്യവനപാലകൻ തലത്തിലും ശ്രീ.കെ.പി.ഹുസൈൻ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിനെതിരെ സർക്കാർ തലത്തിലും അച്ചടക്ക നടപടി ആരംഭിച്ചു.

3. ശ്രീ.എൻ.ആർ.രാംമോഹനെതിരെയുള്ള കുറ്റങ്ങൾ താഴെപ്പറയുന്നു.

i) ഈർച്ചമിൽ നടത്തുന്നതിനുള്ള നിരാക്ഷേപ പത്ര അപേക്ഷകരിൽ നിന്നും പണം ആവശ്യപ്പെടുക വഴി വ്യക്തിപരമായ സാമ്പത്തിക ലാഭം ഉണ്ടാക്കാൻ ശ്രമിച്ചു. ഇപ്രകാരം പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ട്, 1988 ലെ സെക്ഷൻ 7 പ്രകാരമുള്ള ശിക്ഷ അർഹിക്കുന്ന കുറ്റങ്ങൾ ചെയ്തു.

ii) സർക്കാർ നടപടി ക്രമങ്ങളിൽ അനുദ്യോഗസ്ഥനായ ഒരാളെ ഉൾപ്പെടുത്തി, സാമ്പത്തിക ലാഭത്തിനായി ഗൂഢാലോചന നടത്തുക വഴി സർക്കാർ പദവി ദുരുപയോഗം ചെയ്തു.

iii) തൃശ്ശൂർ സർക്കിൾ ഓഫീസിൽ നിന്നും നേരിട്ട് നിരാക്ഷേപ പത്ര അപേക്ഷകൾ വാങ്ങി സ്വമേധയാ മില്ലുകൾ പരിശോധന നടത്തി തദ്വാര ദുരുദ്ദേശ്യപരവും നടപടി ക്രമങ്ങൾക്ക് വിരുദ്ധമായ പ്രവർത്തിയിൽ ഏർപ്പെട്ടു.

iv) റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് നിരാക്ഷേപ പത്രം നൽകുന്നതിന്റെ മറവിൽ വന വൃക്ഷങ്ങൾ ഈർച്ച ചെയ്യുകയും ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് നിരാക്ഷേപ പത്രത്തിന് ശുപാർശ ചെയ്തു. തൻമൂലം മേലധികാരികളെ തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിച്ചു. ഇപ്രകാരംഗുരുതരമായ സ്വഭാവദൂഷ്യം നടത്തി.

v) കോടനാട് റെയിഞ്ചിലെ പരിധി വിട്ട് കാലടി റെയിഞ്ചിന്റെ അധികാര പരിധിയിൽ മേലധികാരികളുടെ ഉത്തരവില്ലാതെ നിരാക്ഷേപ പത്ര സംബന്ധമായി പരിശോധന നടത്തി. ഇത് തികഞ്ഞ അച്ചടക്ക ലംഘനമാണ്.

vi) വ്യാജ ഡയറി തയ്യാറാക്കി സമർപ്പിക്കുക വഴി വ്യാജ രേഖ ചമച്ച് മേലുദ്യോഗസ്ഥരെ വഞ്ചിച്ചു.

vii) മറ്റുദ്യോഗസ്ഥരുമായി ചേർന്ന് സർക്കാർ ഐ.ബിയിൽ അനാശാസ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുക വഴി കേരള ഗവൺമെന്റ് സർവ്വീസ് കോണ്ടക്റ്റ് റൂൾസ് 1960 ലെ സെക്ഷൻ 3 പ്രകാരമുള്ള പെരുമാറ്റ ദൂഷ്യം നടത്തി.

viii) മേൽ പ്രവർത്തികൾ വഴി വനം വകുപ്പിന്റെ പ്രതിച്ഛായ കളങ്കപ്പെടുത്തുകയും സർക്കാർ ഉദ്യോഗസ്ഥന്റെ പെരുമാറ്റ ചട്ടം ലംഘിക്കുകയും ചെയ്തു.

4. ഈ വിഷയത്തിൽ ഔപചാരികാന്വേഷണത്തിന് ഉത്തരവാകുകയും അന്വേഷണാധികാരി സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ.കെ.വി.വർഗ്ഗീസിനെതിരെയുള്ള ആരോപണങ്ങൾ ഒന്നും തന്നെ തെളിയിക്കപ്പെട്ടിരുന്നില്ല, എന്നതിനാൽ പരാമർശം (2) പ്രകാരം ടിയാനെ കുറ്റ വിമുക്തനാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിരുന്നു. എന്നാൽ ശ്രീ.എൻ.ആർ.രാംമോഹനനെതിരെ

ആരോപിക്കപ്പെട്ട കുറ്റങ്ങളിൽ 2, 3, 4, 5, 6 എന്നീ ചാർജ്ജുകൾ തെളിയിക്കപ്പെട്ടുകയും ശ്രീ.കെ.പി.ഹുസൈനെതിരായ ആരോപണങ്ങളിൽ 1, 5 എന്നീ ആരോപണങ്ങൾ നിലനിൽക്കുന്നതാണെന്നും അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

5. തുടർന്ന് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് കുറ്റാരോപിതർ സമർപ്പിച്ച വിശദീകരണവും അതിന്മേൽ ഭരണ വിഭാഗം ഉപമുഖ്യ വനപാലകന്റെ അഭിപ്രായവും കണക്കിലെടുത്ത് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനു വിധേയമായി പരാമർശം (3) പ്രകാരം ശ്രീ.കെ.പി.ഹുസൈനെ അച്ചടക്ക നടപടിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ടും ശ്രീ.എൻ.ആർ.രാംമോഹനെതിരെയുള്ള അച്ചടക്ക നടപടി കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്ന് ചട്ടം മൂന്ന് പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം ഒരു വർഷത്തേയ്ക്ക് കുറവ് ചെയ്തുകൊണ്ടും ടിയാന്മാർക്കെതിരെയുള്ള അച്ചടക്ക നടപടി സർക്കാർ തീർപ്പാക്കിയിരുന്നു.

6. ശ്രീ.എൻ.ആർ.രാംമോഹൻ, റെയിഞ്ച് ഓഫീസർ (റിട്ട)ന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- (ഇരുനൂറു രൂപ ) വീതം ഒരു വർഷത്തേയ്ക്ക് കുറവ് ചെയ്തു കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കിയതിനെതിരെ പരാമർശം (4) പ്രകാരം ടിയാൻ റിവ്യൂ ഹർജി സമർപ്പിച്ചു. റിവ്യൂ ഹർജിയിൽ ടിയാൻ ആവശ്യപ്പെട്ടതു പ്രകാരം ടിയാനെ 10.05.2017 ൽ നേരിൽ കേൾക്കുകയുണ്ടായി.

7. നേരിൽ കേട്ടതിൽ ഇതേ വിഷയത്തിൽ മുൻപ് സമർപ്പിച്ച വാദഗതികൾ തന്നെ ടിയാൻ ആവർത്തിച്ചു. കൂടുതലായി യാതൊരു വസ്തുതകളും സമർപ്പിച്ചില്ല. ഈ വിഷയത്തിൽ കുറ്റാരോപിതരായ മറ്റ് രണ്ട് പേരെയും കുറ്റവിമുക്തരാക്കുകയും, തന്നെ മാത്രം ശിക്ഷിക്കുകയും ചെയ്ത നടപടി നീതിയുക്തമല്ലെന്നും തികച്ചും നിരപരാധിയായ തന്നെ പൂർണ്ണമായും കുറ്റവിമുക്തനാക്കി ഉത്തരവാകാനും അഭ്യർത്ഥിച്ചു. ഈ വിഷയത്തിൽ നടത്തിയ ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ യാതൊരു കുറ്റങ്ങളും തെളിഞ്ഞിട്ടില്ലെന്നും, പ്രസ്തുത അന്വേഷണ റിപ്പോർട്ടായിരുന്നു പരിഗണിക്കേണ്ടതെന്നും വകുപ്പു തലത്തിൽ നടന്ന അന്വേഷണം ശരിയല്ലെന്നും വാദിച്ചു.

8. ടിയാനോട് ദയാപരമായ സമീപനം സ്വീകരിച്ചുകൊണ്ടാണ് അച്ചടക്ക നടപടി സർക്കാർ തീർപ്പാക്കിയിട്ടുള്ളതെന്നും കൂടുതലായ വാദമുഖങ്ങളൊന്നും തന്നെ അച്ചടക്ക നടപടിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള അപേക്ഷയിൽ ടിയാൻ ഇപ്പോൾ ഉന്നയിച്ചിട്ടില്ലാത്തതിനാൽ ശ്രീ.എൻ.ആർ.രാംമോഹൻ സമർപ്പിച്ച അപേക്ഷയിൽ ഉചിതമായ നടപടി സർക്കാരിന് സ്വീകരിക്കാവുന്നതാണെന്ന് പരാമർശം (5) പ്രകാരം ഉപമുഖ്യവനപാലകൻ അഭിപ്രായപ്പെട്ടു.

9. ഈ വിഷയം വിശദമായി പരിശോധിച്ചതിൽ ക്രൈംബ്രാഞ്ചിന്റെ അന്വേഷണ റിപ്പോർട്ടിൽ രാംമോഹനന്റെ ഭാഗത്തുനിന്നുള്ള വീഴ്ചകൾ പ്രത്യേകമായി തന്നെ രേഖപ്പെടുത്തി കാണുന്നു.

The following defects and omissions on the part of Ram Mohan (Range Officer) are seen.

i. The then Range Officer Ram Mohan has not maintained personal register or inward register in his period, ie. from 23.09.2006 to 23.02.2007 at office and hence the date of receipt of applications are not entered in the office of the Range Officer, Kodanadu.

ii. Another irregularity noted is that, the Range Officer has received nine applications directly from Thrissur Conservator Office and enquired and report submitted. They will have to be routed through office of the Divisional Forest Officer, Malayattoor for verification.

iii. Since Range Officer Ram Mohan, was working in Kodanadu Range he went to Kalady Range Office jurisdiction for verification for NOC of Abdul Salam, Alkara House, Kalady (Witness No.I) cannot be considered without ulterior motive even though Ram Mohan had stated that it was unknowingly.

iv. As per the statement presented by the Range Officer (Witness No.32) now in charge, 43 applications in which report has been sent by the then Range Officer Ram Mohan and no application is pending during his period. But as per the statement given by Divisional Forest Officer, Malayattoor, report of verification application in respect of K.A.Ali, Kottikathottathil, Azopuram, Marampilly report of not been received so far and through it was duly sent to the Range Office on 08.01.2007 from Divisional Forest Officer Malayattoor. As per the statement given by present Range Officer K.A.Ali's application has neither received nor report has been submitted.

v. With regard to the verification of Abdul Salam's application (Witness No.7) even though report is seen sent by Range Officer on 12.01.2007 as per the statement given by present Range Officer is not seen receive by Divisional Forest Officer, Malayattoor as per Divisional Forest Officer's statement.

10. ഔദ്യോഗിക അന്വേഷണ റിപ്പോർട്ടിലും ടിയാനെതിരെ 6 ചാർജ്ജുകൾ തെളിഞ്ഞിട്ടുണ്ട്. മറ്റുള്ളവരെ കുറ്റവിമുക്തരാക്കിയതുകൊണ്ട്

തന്നെയും അത്തരത്തിൽ പരിഗണിക്കണമെന്ന ടിയാന്റെ വാദം പരിഗണനാർഹമല്ല. ശ്രീ.കെ.പി.വർഗ്ഗീസിനെതിരായ ആരോപണങ്ങൾ ഒന്നും തന്നെ നിലനിൽക്കുന്നതല്ല എന്ന കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ടിയാനെ കുറ്റവിമുക്തനാക്കിയത്. ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിൽ ഹുസൈന്റെ പങ്കിനെപ്പറ്റി പരാമർശമൊന്നും ഇല്ലാത്തതിനാലും ടിയാൻ സമർപ്പിച്ച വിശദീകരണം അംഗീകരിച്ചുകൊണ്ട് ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ ചൂണ്ടിക്കാണിച്ചിട്ടുള്ള വസ്തുതകളും വിശകലനം ചെയ്തു കൊണ്ടാണ് ഹുസൈനെ കുറ്റവിമുക്തനാക്കിയത്. ഇവിടെ രാംമോഹന്റെ വിഷയത്തിൽ എൻ.ഒ.സി. അനുവദിക്കുന്നതിലേയ്ക്കായി മില്ലുടമകളിൽ നിന്നും പണം വാങ്ങിയതിനോ ആവശ്യപ്പെട്ടതിനോ തെളിവുകൾ ഇല്ലെന്ന ക്രൈംബ്രാഞ്ച് അന്വേഷണ റിപ്പോർട്ട് സർക്കാർ പരിഗണിച്ചിട്ടുണ്ട്. അതേ സമയം ടിയാൻ കോടനാട് റെയിഞ്ച് ഓഫീസറായി ജോലി ചെയ്ത കാലയളവിൽ ക്രമക്കേടുകൾ നടന്നതായി പ്രസ്തുത റിപ്പോർട്ടിൽ രേഖപ്പെടുത്തിയത് ഒഴിവാക്കാനാവില്ല. ഔപചാരികാന്വേഷണ റിപ്പോർട്ടിലും 6 ചാർജ്ജുകൾ തെളിയിക്കപ്പെട്ടു. സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയില്ല എന്നതു കൂടി പരിഗണിച്ച് തികച്ചും ദയാപരമായ സമീപനം കൈക്കൊണ്ടാണ് പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ ഒരു വർഷത്തേയ്ക്ക് കുറവു ചെയ്യുക എന്ന ശിക്ഷ നൽകി ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളത്. ഇവിടെ എല്ലാ തലങ്ങളിലും ടിയാന് സ്വാഭാവിക നീതി ഉറപ്പു വരുത്തിയിട്ടുണ്ട്. ക്രൈംബ്രാഞ്ച് അന്വേഷണം, ഔപചാരികാന്വേഷണം എന്നീ റിപ്പോർട്ടുകളെല്ലാം മറികടന്ന്, ടിയാനെ പൂർണ്ണമായും കുറ്റവിമുക്തനാക്കാവുന്ന യാതൊരു വസ്തുതയും ഈ വിഷയത്തിൽ നിലനിൽക്കുന്നില്ല. ആയതിനാൽ പരാമർശം (4) പ്രകാരം സമർപ്പിച്ച റിവ്യൂ ഹർജി ഇതിനാൽ നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.എച്ച് കുര്യൻ

അഡീഷണൽ ചീഫ് സെക്രട്ടറി

ഭരണ വിഭാഗം ഉപമുഖ്യവനപാലകൻ

ശ്രീഎൻ.ആർ.രാംമോഹൻ, റെയിഞ്ച് ഫോറസ്റ്റാഫീസർ (റിട്ട),

(ഭരണ വിഭാഗം ഉപമുഖ്യവനപാലകൻ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ